6435
8/6/15

**കേരള സർക്കാർ**
**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സ്ത്രീധന നിരോധന നിയമത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 308/2015/സാനീവ തീയതി, തിരുവനന്തപുരം 02.06.2015

---

പരാമർശം : 1) സാമൂഹ്യനീതി ഡയറക്ടറുടെ 18.04.2015 ലെ എഫ്3-12258/15 നമ്പർ കത്ത്.
2) 16.05.2015 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

സ്ത്രീധന നിരോധന നിയമത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ആർ.ഡി.പി.ഒ യുടെ പരിധിയിൽ വരുന്ന (തിരുവനന്തപുരം മേഖല) തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ ജില്ലകളിൽ വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടെന്ന് പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടി നിയമത്തെ കുറിച്ച് ബോധവൽക്കരണം നടത്തേണ്ടത് വളരെ അത്യാവശ്യമാണെന്നതിനാൽ ടി പ്രൊപ്പോസലിന് അനുമതി നൽകണമെന്നും ടി പ്രോഗ്രാം സംഘടിപ്പിക്കുന്നതിനാവശ്യമായ 5,37,000/-രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-02-001-93 പ്ലാൻ ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(2) 16.05.2015 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ത്രീധന നിരോധന നിയമത്തെ സംബന്ധിച്ച് തിരുവനന്തപുരം ആർ.ഡി.പി.ഒ യുടെ പരിധിയിൽ വരുന്ന ജില്ലകളിൽ ബോധവൽക്കരണം നടത്തുന്നതിന് ഭരണാനുമതി നൽകിയും ഇതിനാവശ്യമായ 5,37,000/- രൂപ (അഞ്ച് ലക്ഷത്തി മുപ്പത്തിയേഴായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-93 പ്ലാൻ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ,**
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4